ശ്രീ. ടി. കെ. നാരായണപിള്ള: മിക്ക സ്ഥലങ്ങളിലും പരിശോധന നടത്തിയിട്ടുണ്ട്.

ശ്രീ. പി. കെ. ഡീവർ: വളം കൂട്ടുചേർക്കുന്നതിനു് എന്തു ചിലവു വരുമെന്നു് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: എന്തു ചിലവു വരുമെന്നുള്ള കണക്കു എന്റെ കൈവശമില്ല. പക്ഷെ ഒരു തുക അതിനുവേണ്ടി ചിലവാകുന്നുണ്ടു്.

ശ്രീ. പി. കെ. ഡീവർ: മേല്പറഞ്ഞ കമ്പനികളിൽ നിന്നും വിതരണം ചെയ്യുന്ന വളവും ഇവിടത്തെ പ്രൈവറ്റ് ഏജൻസികളിൽനിന്നും വില്ക്കുന്ന വളവും തമ്മിൽ എന്തു വില വ്യത്യാസം വരുമെന്നു നോക്കിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വില വ്യത്യാസം ഉണ്ടായാലും ഇല്ലെങ്കിലും ആ വിവരങ്ങളും എന്റെ കൈവശമില്ല.

ശ്രീ. ഏ. താണുപിള്ള: കൃഷിക്കാവശ്യമുള്ള ഈ വളങ്ങൾ കൂട്ടുചേർക്കാതെ കൊടുക്കുന്നതിനു എന്തു തടസ്സമാണു് ഉള്ളതെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ കൊടുക്കുന്നതിനു ഗവൺമെണ്ടു് ആലോചിച്ചുവരികയാണു്.

ശ്രീ. കെ. അയ്യപ്പൻ: വളം കൂട്ടുചേർക്കാതെ കൊടുക്കുകയാണെങ്കിൽ അതിൽ പല ദോഷങ്ങളും ഉണ്ടാകാനിടയുണ്ടെന്നു് മുൻപു ഒരവസരത്തിൽ ഗവൺമെണ്ടു് പറഞ്ഞിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: കൂട്ടുചേർത്തു് കൊടുക്കാൻ എന്താണു് കാരണം?

ശ്രീ. ടി. കെ. നാരായണപിള്ള: കൂട്ടുചേർക്കാതെ പ്രത്യേകം പ്രത്യേകമായി ഓരോ ഇനം വളങ്ങളും വിതരണംചെയ്യുകയാണെങ്കിൽ കരിഞ്ചന്തവ്യാപാരം വളർക്കാൻ ഇടയുണ്ടു്. അതുകൊണ്ടാണു് കൂട്ടുചേർത്തുകൊടുക്കുന്നതു്.

ശ്രീ. പി. നാണു: ഈ വളം കൂട്ടുചേർത്തു വില്ക്കണമെന്നു് ഗവൺമെണ്ടിനെ ഉപദേശിച്ചതാരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: കൃഷി ഡിപ്പാർട്ടുമെന്റു് ഡയറക്ടറാണു്.

ശ്രീ. പി. നാണു: ഈ ഉദ്യോഗസ്ഥൻ ഇപ്പോഴും സർവ്വീസിലുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. എം. ഐ. പോൾ: കൂട്ടുചേർത്തു് വളം വിതരണം ചെയ്യുന്നതു് പ്രയോജനകരമല്ലെന്നു് ഗവൺമെണ്ടിനു ബോദ്ധ്യമായിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ബോദ്ധ്യമായിട്ടില്ല.

ശ്രീ. പി. കെ. ഡീവർ: മുൻപു ഈ മാതിരി വളം കൂട്ടുചേർത്തു് വിതരണം ചെയ്യുന്ന പതിവു് തിരുവിതാംകൂറിലുണ്ടായിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: മുൻപു ഇല്ലായിരുന്നു.

കാളറായും മസൂരിയും

*നു വുൻ (പൊ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) ഇക്കഴിഞ്ഞ ആറുമാസത്തിനകം ഈ സംസ്ഥാനത്തു കാളറാ, മസൂരി മുതലായ രോഗങ്ങൾ പിടിപെട്ടു എത്രപേർ മരിച്ചിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അത്തരം സുഖക്കോട് ബാധിച്ചിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാം?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ)

(എ) കാളറ മുഖാന്തിരം നൂറ്റി പേരും മസൂരിയിൽ ഏഴ് പേരും മരിച്ചിട്ടുണ്ട്.

(ബി) കാളറയും മസൂരിയും ബാധിച്ചിട്ടുള്ള പ്രദേശങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഇപ്പോൾ മസൂരിയും കാളറയും ബാധിച്ചരോഗികൾ എത്രയാണെന്ന് പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതിന്റെ കണക്ക് എന്റെ കൈവശമില്ല.

STATEMENT

See answer to question No. 689 (21) part (b)

Name of places mainly affected by Cholera

1. Thovala—Thazhakudy, Thiruppathisaram, Azhakiyapandipuram Esanthimangalam, Thovala and Darsanamcope
2. Agasteeswaram,—Suchindram, Marungoor, Theroor, Thamarakulam, Agasteeswaram, Kulasekharapuram, Neendakara, A. Dharmapuram, Thengamputhoor, Parakkai.
3. Kalkulam—Aloor, Thiruvithancode, Eraniel.
4. Nedumangad—Karakulam.
5. Shenkottah—Aikudy, Klangad, Achenputhoor, Samboorvadakarai Shenkottah, Elathoor, Puthoor, Karkudi.
6. Pathanapuram—Punaloor, Anchal.
7. Mavelikkara—Thamarakulam.
8. Changanacherry—Ramankari, Velianad, Chennankari, Chirakkadavu, Madapalli, Kurichi, Erumeli.
9. Ambalapuzha—Kainakari, Pulinkunnoo, Nedumudi, Chempakulam.
10. Kottayam—Thiruvarpu, Panickikad, Nattakom, Kottayam, Vijayapuram Aymanom, Kurumannur, Kaipuzha.
11. Vaikom—Kaduthuruthy, Kulasekharamangalam, Vadayar, Naduvila, Manjoor, Thalayazhom, Vechoor.
12. Meenachil—Kidangoor.
13. Devikulam—Udumbanchola.
14. Peermade—Kumili.
15. Parur-Chengamanad.
16. Chittur—Moolathara, Kuttipallom, Ozhalapathi, Kunnamkattupathi, Kozhinjanpara, Orukombankutti, Valiavellompathi, Pattancheri.
17. Trichur—Kurumpilavu, Kuzhipillikara.
18. Nagercoil Municipal town.
19. Kottayam Municipal town.
20. Alwaye Municipal town.
21. Shenkottah Municipal town.

Small-pox

1. Kalkulam—Colachel.
2. Neyyattinkara—Chenkal.
3. Nedumangad—Uzhamalakkal, Kulathummel.
4. Quilon—Quilon—Vadakkevila.

LIBRARY ARCHIVES Kerala Legislative Assembly

Statement—(*cont.*)

5. Kottarakara—Ummannoor.
6. Kottayam—Thiruvarpu, Chengulom.
7. Meenachil—Poonjar, Elakkodu.
8. Thodupuzha—Karimannoor
9. Peermade—Peruvanthanam.
10. Parur.
11. Cranganoor—Eriyad.
12. Trichur—Oorakam, Marathakara, Olloor.
13. Thalapalli — Pynkulam, Desamangalam, Kadangode, Pulakode, Kurumala, Thiruvilwamala, Palloor, Pazhayanoor.
14. Chittoor—Pattancherry, Perumatty, Thiruvazhiad, Nellipilli, Thekkedesam, Kuttipallom, Peringalkuthu.
15. Nagercoil Municipal town.
16. Trivandrum City.
17. Parur Municipal town.
18. Mattancherry Municipal town.
19. Chittur-Tattamangalam Municipal town.

വൈക്കം ഡിസ്പെൻസറി ആശുപത്രി

*൩൯൦. (൨൨) ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വൈക്കം ഡിസ്പെൻസറി ആശുപത്രിയോടുചേർന്ന് മസൂരി, കോളറാ മുതലായ സാംക്രമികരോഗങ്ങൾ ബാധിക്കുന്നവരെ പ്രത്യേകം താമസിപ്പിച്ചു ചികിത്സിക്കുന്ന ആവശ്യത്തിനായി ഉണ്ടാക്കിയിരുന്ന കെട്ടിടം ഇപ്പോൾ സിസ്പെൻസിന്റെ താമസസ്ഥലമാക്കി മാറ്റിയിട്ടുണ്ടോ; അതുമൂലം മേൽവിവരിച്ച മാതിരിയുള്ള രോഗികളെ താമസിപ്പിക്കുന്നതിനു സ്ഥലമില്ലാതെ വന്നിരിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) ആവശ്യമുള്ള കെട്ടിടങ്ങൾ പണിചെയ്യുന്നതിനായി വേണ്ട നടപടികൾ എടുത്തു വരുന്നു.

സന്ദർശനം

*൩൯൧. (൨൩) ശ്രീ. കോന്നാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സെൻട്രൽ ഗവൺമെൻറ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയും, ബഹുമാനപ്പെട്ട ഡെപ്യൂട്ടി പ്രധാനമന്ത്രിയും കൊച്ചി സന്ദർശിച്ച സന്ദർഭത്തിൽ വിനോദപ്രകടനങ്ങളും കാഴ്ചകളും നടത്തുന്നതിനു കരാറു കൊടുത്തിട്ടുണ്ടായിരുന്നോ;

(ബി) ഉണ്ടെങ്കിൽ കരാറുകാരൻ ആരായിരുന്നു;

(സി) എന്തു സംഖ്യ ചെലവായി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) :

(എ) ഇല്ല. (ബിയും സിയും) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly